പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3966 15.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി സ്ക്വാഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | സമാന്തര സർവ്വീസുകൾ തടയുന്നതിനായി കെ.എസ്.ആർ.ടി.സി സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടോ; എത്ര സ്ക്വാഡുകളാണ് ഇതിനുള്ളത്; ഏതൊക്കെ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ക്വാഡുകൾ എത്ര വാഹനങ്ങൾ പിടിച്ചു; പിടിച്ച വാഹനങ്ങളുടെ ഉടമസ്ഥർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | തിരുവനന്തപുരം നഗരത്തിലെ അനധികൃത സമാന്തര സർവ്വീസുകൾ തടയുന്നതിലേക്കായി സർക്കാർ നിർദ്ദേശ പ്രകാരം മോട്ടോർ വാഹന വകുപ്പ്, പോലീസ്, കെ.എസ്.ആർ.ടി.സി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന 7 സ്ക്വാഡുകൾ പ്രവർത്തിച്ചിരുന്നു. മോട്ടോർ വാഹന വകുപ്പിലെയും പോലീസിലെയും ഉദ്യോഗസ്ഥരെ യഥാസമയം ലഭ്യമാകാതെ വന്നതിനെ തുടർന്ന് ഈ സ്ക്വാഡുകളുടെ പ്രവർത്തനം നിർജ്ജീവമാകുകയുണ്ടായി. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ഒരു വാഹനം ഉപയോഗിച്ച് ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കി അനധികൃത സമാന്തര സർവ്വീസുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ സ്ക്വാഡുകൾ 68 വാഹനങ്ങൾ പിടിച്ചു. വാഹന ഉടമകളിൽ നിന്നും 1,79,900/- രൂപ പിഴയായി പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) | സമാന്തര സർവ്വീസുകൾ തടയുന്നതിനായി സ്ക്വാഡുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കെ.എസ്. ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉണ്ട്. തിരുവനന്തപുരം നഗരത്തിൽ സ്ക്വാഡുകൾ പ്രവർത്തിച്ചിരുന്ന കാലത്ത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ രീതിയിലുള്ള പ്രവർത്തനവും ഗുണകരമാണെന്നാണ് അനുഭവത്തിലൂടെ വ്യക്തമാകുന്നത്. |

സെക്ഷൻ ഓഫീസർ